# സി.എ.എൽ.പി.എസ്.വെങ്ങിണിശ്ശേരി

സമൂഹം തലമുറകളിലൂടെ രൂപപെടുത്തിയ സംസ്കാരത്തിന്റെ പിൻതുടർച്ചക്കാരാണ് നാം. ഒരു വിദ്യാലയത്തിന്റെ ചരിത്രം, അവിടെ ആദ്യമായി അധിവാസമുറപ്പിച്ച മനുഷ്യവർഗ്ഗത്തിൽ നിന്ന് ആരംഭിക്കുന്നു. പ്രത്യക്ഷത്തിൽ കാണപ്പെടുന്ന ഭൂമി ശാസ്ത്രപരമായ സവിശേഷതകളും മുൻകാല സംഭവസ്മരണകളും പഴമക്കാരുടെ അനുഭവ സമ്പത്തും ഓർമ്മകളും വിദ്യാലയ ചരിത്ര രചനക്ക് സഹായകമാണ്. ഏതു വിദ്യാലയത്തിന്റെ ചരിത്രം പരിശോധിച്ചാലും അവയിൽ വലിയൊരുഭാഗം സ്ഥലജലാത്മകമായ പ്രകൃതിയുടെ ഭിന്നഭാവങ്ങളെ ആസ്പദമാക്കി ഉണ്ടായിട്ടിള്ളതാണ്.

തൃശൂർ ജില്ലയിൽ തൃശൂർ പട്ടണത്തിനെതിരെ തെക്കു പടിഞ്ഞാറായി സ്ഥിതി ചെയ്യുന്ന ശാലീനസുന്ദരമായ കർഷകഗ്രാമമാണ് വെങ്ങിണിശ്ശേരി. മനോഹരമായ ഈ ഭൂവിഭാഗം മൂന്ന് പുറവും കോൾനിലങ്ങളാൽ ചുറ്റപ്പെട്ടു കിടക്കുന്നു. കേരളത്തിലെ 108 ദുർഗാലയങ്ങളിലൊന്നായ "അയ്കുന്ന് ദുർഗ്ഗാക്ഷേത്രം" വെങ്ങിണിശ്ശേരി ദേശത്തിന്റെ നെറുകയിൽ തിലകകുറി ചാർത്തി ഉയർന്നു നിൽക്കുന്നു. അയ്യുന്ന്, കൂട്ടാലക്കുന്ന്, ശിവപുരം കുന്ന്, കോടന്നൂർകുന്ന്, പയങ്കൽകുന്ന് എന്നീ 5 കുന്നുകളുടെ സംഗമവേദിയാണ് അയ്കുന്ന് ക്ഷേത്രം. 300 വർഷങ്ങളായി ഈ ഗ്രാമത്തിൽ നില നിൽക്കുന്ന ക്രിസ്ത്യൻ മതത്തിൽ റോമൻ കത്തോലിക്കരും പെന്തക്കോസ്ത് വിഭാഗക്കാരും ഉൾപ്പെടുന്നു. 25 വർഷം മുമ്പ് വരെ ഒരൊറ്റ മുസ്ലീമുകളും വെങ്ങിണിശ്ശേരിയിൽ ഉണ്ടായിരുന്നില്ല. ഓരോ മത വിഭാഗങ്ങൾക്കും അവരുടേതായ ആചാരങ്ങളും അനുഷ്ഠാനങ്ങളും നിൽക്കുന്നു. ഇവയെല്ലാം ഈ പ്രദേശത്തിന്റെ സംസ്കാരിക പാരമ്പര്യത്തിൽ അതുല്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്.

**ഐതിഹ്യം**

നാട്ടറിവുകളുടെ കാതലായ സ്വഭാവം ചരിത്ര സംബന്ധിയായ അറിവുകളുടെ കൂട്ടായ്മയുമാണ് ഐതീഹ്യങ്ങളിൽ പ്രകടമാക്കുന്നത്. ഒരു പ്രദേശ

ത്തിന്റെ സ്വഭാവമനുസരിച്ച് ഏതെങ്കിലും പ്രത്യേകമായ വസ്തുക്കളോ വ്യക്തികളോ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടോ ആണ് ഒരു ദേശത്തിന് പേര് വരുന്നത്. വെങ്ങിണിശ്ശേരി ഗ്രാമത്തെ സംബന്ധിച്ചും ഒരു ഐതിഹ്യം നിലവിലുണ്ട്.

കേരളത്തിൽ 18 നമ്പൂതിരി ഗ്രാമങ്ങളുണ്ട്. അതിലൊന്നായ് പെരുമനം ഗ്രാമത്തിലെ വേദസഭയുടെ തീരുമാനങ്ങൾ ഓലയിലെഴുതി സൂക്ഷിക്കുന്നു. ആ തീരുമാനപ്രകാരം പെരുമനം. ഗ്രാമത്തിന്റെ പലഭാഗത്തുമുള്ള ചേരികളിൽ താമസിക്കുന്ന പ്രമുഖ ഇല്ലക്കാർക്ക് ആ ചേരി സംരക്ഷിക്കാനും ക്ഷേത്രം ആരാധനക്രമം, കരംപിരിക്കൽ എന്നിവയുടെ നടത്തിപ്പിനുമായി അനുമതി നൽകി അങ്ങനെ ലഭിച്ച ചേരികളാണ് പാലിച്ചേരി, ചെറുവത്തേരി, തൈക്കാട്ടുചേരി, വെങ്ങിണിചേരി.... എന്നിവ വെങ്ങിണിചേരി കാലക്രമത്തിൽ വെങ്ങിണിശ്ശേരിയായി മാറ്റപ്പെട്ടു.

ഒരു പ്രദേശത്തിന്റെ സാമൂഹികമായ വികാസത്തിന് ആ പ്രദേശത്തെ വിദ്യഭ്യാസ വികസനവും തൊഴിൽ രീതികളും ഗതാഗതസമ്പ്രദായവും എപ്രകാരമായിരുന്നുവെന്ന് കണ്ടെത്തേണ്ടിയിരിക്കുന്നു. മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. സമൂഹത്തിന്റെ പുരോഗതി മനുഷ്യന്റെ പുരോഗതിയെ ആശ്രയിച്ചിരിക്കുന്നു. മനുഷ്യന്റെ പിരോഗതിക്ക് വിദ്യാഭ്യാസം അനിവാര്യമാണ്.

ആദിമ ഗോത്രങ്ങൾ പ്രകൃതിയിൽ നിന്ന് അനുഭവ പാഠങ്ങൾ ഉൾകൊള്ളുകയും കാർഷികവൃത്തിയിൽ പരിശീലനം നേടുകയും ചെയ്തു. കാലക്രമത്തിൽ ഉരുത്തിരിഞ്ഞ് വന്ന ആര്യദ്രാവിഡ സമൂഹങ്ങൾ ആശയവിനിമയത്തിനായി വാമൊഴിയെ ഒരു ഉപാധിയായി സ്വീകരിക്കുകയുണ്ടായി. കാർഷികവൃത്തിയിലും കച്ചവടത്തിലും അനുഭവത്തിലൂടെ നേടിയ അറിവുകൾ തലമുറകളിൽ നിന്ന് തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ട് പോന്നു.

ലിപിയുടെ കണ്ടുപിടുത്തത്തോടെ മനുഷ്യൻ എഴുത്തുവിദ്യ കൈവശമാക്കി. ഈ ഘട്ടത്തിലാണ് സമൂഹത്തിൽ എഴുത്താശ്ശാന്മാരുടെ ശക്തമായ ഇടപെടലുകൾ ഉണ്ടായത്. ഇവർ ഈ പ്രദേശത്തെ മിക്കവാറും വീടുകൾ കേന്ദ്രീകരിച്ച് നിലത്തെഴുത്ത് വിദ്യ അഭ്യസിപ്പിച്ചിരുന്നു. മണലിലാണ് അന്ന് അക്ഷരങ്ങൾ എഴുതി പഠിച്ചിരുന്നത്. ഇതിനു മുസ് താളിയോലകളിൽ വട്ടെഴുത്തിലും കോലെഴുത്തിലും എഴുതിയ ലിഖിതങ്ങൾ രേഖപ്പെടുത്തിയിരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പല പുരാതന ഗൃഹങ്ങളിലും ഇന്ന് ഇവ സൂക്ഷിച്ച് പോരുന്നു.

വെങ്ങിണിശ്ശേരി ദേശത്തെ വിദ്യഭ്യാസ ചരിത്രം പരിശോധിക്കുമ്പോൾ 100 കൊല്ലം മുമ്പ് കുഞ്ഞിപൊറിഞ്ചു എന്ന വ്യക്തിയുടെ നേതൃത്വത്തിൽ വെങ്ങിണിശ്ശേരി വില്ലേജിന്റെ അതിർത്തിയിൽ ഒരു ഹാൾ പണിത് പടിഞ്ഞാറ് ദേശത്തുനിന്ന് ലോനപ്പൻ എന്ന ആശാനെ വരുത്തി, കുടിപള്ളിക്കൂടം നടത്തിയിരുന്നു. അവിടെ മണലിലെഴുതൽ, നാരായം ഉപയോഗിച്ചെഴുതൽ എന്നിവ അഭ്യസിപ്പിച്ചിരുന്നു. കുഞ്ഞിപൊറിഞ്ഞുവിന്റെ കാലശേഷം വേണ്ടത്ര ശ്രദ്ധ ചെലുത്താതിരുന്നതിനാൽ ഈ കുടിപള്ളിക്കൂടം കാലഹരണപ്പെട്ടു.

സവർണ ഹിന്ദുക്കൾക്കുവേണ്ടി അയ്ക്കുന്ന് വാര്യത്ത് ചക്രപാണി വാര്യർ എന്ന വിദ്യാൻ സംസ്കൃതം അഭ്യസിപ്പിച്ചിരുന്നു. ഔപചാരിക വിദ്യാഭ്യാസ

ത്തിന് ഈ പ്രദേശത്ത് ഒരു വിദ്യാലയം തുടങ്ങിയത് വളരെ വൈകിയായിരുന്നു. പാറളം ഗ്രാമപഞ്ചായത്തിൽ ആദ്യമായി ഒരു ലോവർ പ്രൈമറി സ്കൂൾ സ്ഥാപിക്കുന്നത് അമ്മാടത്താണ്. അവിടെ 4½ ക്ലാസ് വരെ ആണ് ഉണ്ടായിരുന്നത്. അത് കഴിഞ്ഞാൽ ചേർപ്പിലേക്കാണ് ആളുകൾ പഠിക്കാൻ പോയിരുന്നത്. അവിടെ I form, II form, IIIrd form എന്നിങ്ങനെ ക്ലാസ്സുകൾ ഉണ്ടായിരുന്നു. വളരെ ബുദ്ധിമുട്ടിയാണ് കുട്ടികൾ പഠിച്ചിരുന്നത്. പഠിക്കുന്ന എല്ലാ കുട്ടികളും ഫീസ് കൊടുക്കണമെന്ന് നിർബന്ധമായിരുന്നു. വിദ്യഭ്യാസരംഗത്തും ജാതിവ്യവസ്ഥ, അയിത്തം എന്നിവ നിലനിന്നിരുന്നു.

വെങ്ങിണിശ്ശേരി ദേശത്തിലെ കുട്ടികൾക്ക് വിദ്യ അഭ്യസിപ്പിക്കാൻ അമ്മാടം സ്കൂളിലേക്ക് കാൽനടയായി പോകേണ്ടി വന്നതിനാൽ ഈ പ്രദേശത്ത് ഒരു വിദ്യാലയം ആവശ്യമാണെന്ന് നാട്ടുക്കാരിൽ ചിലർക്കു തോന്നി അവരുടെ പരിശ്രമ ഫലമായി ആയിരങ്ങൾക്ക് അറിവിന്റെ നെയ്ത്തിരി താളങ്ങൾ പകർന്നു കൊടുക്കുവാൻ 1123 മിഥുനം 2-ാം തിയതി (1948) നാട്ടുക്കാരുടെ സ്വപ്നം സാക്ഷാത്ക്കരിച്ചുകൊണ്ട് ചന്ദ്രോദയം എ.എൽ.പി.സ്ക്കൂൾ സ്ഥാപിതമായി. ഒന്നാം ക്ലാസ് 2 ഡിവിഷനും രണ്ടാംക്ലാസ് ഒരു ഡിവിഷനുമായി സ്കൂൾ പ്രവർത്തിച്ചു തുടങ്ങി. ഈ സ്കൂളിന്റെ മാനേജ്മെന്റ് ഹെഡ്മാസ്റ്റർ സ്ഥാനം, ഒരു പുതിയ ഡിവിഷനിലെ അധ്യാപനം എന്നിവയ്ക്ക് പുറമെ 16 സെന്റ് ഭൂമിയും ഇടവക സമൂഹം സൗജന്യമായി കൊടുക്കാമെന്ന് അത്യുദാരതയോടെ വാഗ്ദാനം ചെയ്തു. ഹെഡ്മാസ്റ്റർ കുരുതുകുളങ്ങര പെല്ലിശ്ശേരി ശ്രീ.മാത്തു ഔസേപ്പ് 1962 ഒക്ടോബർ 26-ാം തിയതി സ്കൂളും 87 സെന്റ് വീതമുള്ള 2 പറമ്പുകളും 17000 രൂപയ്ക്ക് ക്ലാരമഠത്തിന് തീറുനൽകി.

വെങ്ങിണിശ്ശേരി ചന്ദ്രോദയം എയ്ഡഡ് പ്രൈമറി സ്ക്കൂൾ മാനേജ്മെന്റ് സഹിതം- സ്ക്കൂൾ പഠനവും കെട്ടിടവും സാമഗ്രികളും കൂടി 12000 രൂപ വില നിശ്ചയിച്ചു. അടുത്ത ആഴ്ചയിൽ അതിൽ സിസ്റ്റേഴ്സിന്റെ താമസസൗകര്യത്തിനാവശ്യമായ സൗകര്യങ്ങളോടുകൂടി ഒരു ചെറിയ കെട്ടിടം പണി തീർത്തു. മാനേജ്മെന്റ് മാറ്റം അംഗീകരിച്ചുകൊണ്ടുള്ള ഗവൺമെന്റ് ഒർഡർ ലഭിക്കുമ്പോൾ പുതിയ ഡിവിഷൻ ചാർജെടുക്കുവാൻ നിയുക്തനായത് സി.എഡ്വിൻ ആയിരുന്നു. നവംബർ 12-ാം തിയതി ഇടവക്കാർ തന്നെ പറമ്പിൽ പുതിയ സ്ക്കൂൾ കെട്ടിടത്തിന് ശിലാസ്ഥാപനം ചെയ്തു. ഈ സംരംഭത്തിന് വെങ്ങിണിശ്ശേരിയിലെ ജനത്തിന്റെ ആത്മാർത്ഥത നിറഞ്ഞ സഹകരണവും അനുഭാവവും നിർലോഭം ലഭിക്കുന്നുണ്ടായിരുന്നു. സ്ക്കൂളിനെ അപ്പർ പ്രൈമറി ആയി ഉയർത്താനുളള അപേക്ഷയും ഇക്കാലത്ത് ഗവൺമെന്റിലേക്ക് അയച്ചു സ്ക്കൂളിന്റെ മാനേജ്മെന്റ് ക്ലാരസഭയ്ക്ക് നൽകികൊണ്ടുള്ള ഗവൺമെന്റ് ഓർഡർ ലഭിച്ചു. മാനേജ്മെന്റ് കൈമാറിയപ്പോൾ കുരുതുകുളങ്ങര പെല്ലിശ്ശേരി ശ്രീ.മാത്തു യൗസേപ്പിന് കരാർ പ്രകാരമുള്ള രൂപ മുഴുവൻ നൽകി സ്ഥലം മഠം ഏറ്റെടുത്തു. അധ്യയന വർഷം ആരംഭിക്കുമ്പോഴേക്കും പഴയ സ്ക്കൂൾ കെട്ടിടം അറ്റകുറ്റ പണികൾ തീർത്ത് മനോഹരമാക്കിയിരുന്നു. സ്ക്കൂളിനു ചുറ്റും പുതുതായി ഒരു മതിലും രൂപമെടുത്തിരുന്നു.

വെങ്ങിണിശ്ശേരി സി.എ.എൽ.പി.സ്ക്കൂളിനെ പുരോഗതിയിലേക്ക് നയിക്കാൻ നേതൃത്വം നൽകിയ പ്രധാന അധ്യാപകരാണ് ശ്രീ.പി.എം.യൗസേപ്പ്, ശ്രീ.എ.പി.വർഗ്ഗീസ്, വെ.സി.ഗെറിയോൺ, സി.അവന്തീന, സി.ഓസ്മണ്ട്, സി.റംബർട്ട്, സി.റെറ്റിമരിയ, സി.അഞ്ജലി അരിമ്പൂർ ഇന്ന് ഈ സരസ്വതി

ക്ഷേത്രം ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ ഉൾപ്പെടെ എട്ട് ഡിവിഷനുകളിലായി സജീവമായി പ്രവർത്തിക്കുന്ന ഇപ്പോഴത്തെ ഹെഡ്മിസ്ട്രസ് റവ.സി.ജോസ്മി റോസിന്റെ നേതൃത്വത്തിൽ അർപ്പണബോധമുള്ള അധ്യാപകരും, പി.ടി.എ പ്രസി ഡന്റായ സി.എം.ജോഷിമാസ്റ്ററുടെ നേതൃത്വത്തിൽ ശക്തമായ പി.ടി.എ.യും ചേർന്ന് വിദ്യാലയ വളർച്ചക്കായി അക്ഷീണം പ്രയത്നിച്ചുവരുന്നു. കലാകായി കമേളകളിലും ഗണിതശാസ്ത്ര പ്രവൃത്തിപരിചയ മേളകളിലും വെങ്ങിണിശ്ശേരി സി.എ.എൽ.പി.സ്ക്കൂൾ ചേർപ്പ് ഉപജില്ലയിൽ വളരെ മികച്ച പ്രകടനം കാഴ്ച വെച്ച് മുന്നേറുന്നു. കുട്ടികളുടെ പാഠ്യവിഷയങ്ങളോടൊപ്പം തന്നെ പാഠ്യേതര വിഷയങ്ങളിലും മികവ് പുലർത്തുന്നതിനുവേണ്ടി ഡാൻസ്, ഡ്രോയിങ്ങ്, സംഗീ തം, സ്പോർട്സ്, കരകൗശല വസ്തുക്കളുടെ നിർമ്മാണം എന്നിവയിലും പരി ശീലനം നേടിവരുന്നു. ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുന്നതിന് സ്പോക്കൻ ഇംഗ്ലീഷ് ക്ലാസ്സുകളും, സാങ്കേതിക വിദ്യയിൽ പരിജ്ഞാനം നേടുന്നതിനായി കമ്പ്യൂട്ടർ ക്ലാസ്സുകളും ഇവിടെ നടത്തുന്നുണ്ട്. വെങ്ങിണിശ്ശേരി സി.എ.എൽ. പി.സ്ക്കൂളിന്റെ സുവർണ്ണ ജൂബിലി ആഘോഷം 1998 ജനുവരി 28,29, തിയ്യതി കളിൽ ആഘോഷപൂർവ്വം കൊണ്ടാടി. പൂർവ്വ വിദ്യാർത്ഥികളും, അധ്യാപകരും വിദ്യാർത്ഥികളും നാട്ടുകാരും ചേർന്നുള്ള ഈ ആഘോഷം ജനഹൃദയങ്ങളിൽ ഇന്നും ഒളിമങ്ങാതെ നിറഞ്ഞു നിൽക്കുന്നു. നിരവധി തവണ Best School അവാർഡുകളും ജില്ലാ സാഹിത്യ പരിഷത്ത് നടത്തിയ ചരിത്രാന്വേഷണയാ ത്രയിൽ ഒന്നാം സ്ഥാനവും ഈ വിദ്യാലയത്തിന് ലഭിച്ചിട്ടുണ്ട്.

വെങ്ങിണിശ്ശേരി സി.എ.എൽ.പി.സ്കൂളിന്റെ ഉന്നമനത്തിനായി പൂർവ്വ വിദ്യാർത്ഥി സംഘടന രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചു. ശ്രീമാൻ.എ. വി.സണ്ണി പ്രസിഡന്റായും, ശ്രീമാൻ.രാജു മാളിയേക്കൽ സെക്രട്ടറിയായും പ്രവർത്തനമാരംഭിച്ച സംഘടന വിദ്യാലയത്തിന്റെ ഭൗതീക സാഹചര്യങ്ങളും പഠനസൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി വരുന്നുണ്ട്. ഈ വിദ്യാലയത്തിലെ പൂർവ്വവിദ്യാർത്ഥികളിൽ പലരും സമൂഹത്തിൽ വിവിധ മേഖലകളിൽ പ്രശസ്തമായ സേവനം ചെയ്തുവരുന്നു.